(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഗ്രാമീണമേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവനനിർമ്മാണ/പുനരുദ്ധാരണ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ). വീടു വയ്ക്കാനാവശ്യമായ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഈ പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ വകയിരുത്തുന്നു.

(ബി&സി) കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണെങ്കിലും ഈ സർക്കാർ അത് 2,00,000 (എസ്.സി. ജനറൽ) 2,50,000 (എസ്.റ്റി) ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് കണ്ടെത്തുന്നതിന് ആവശ്യമായ തുകയിൽ 50,000 രൂപ സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ കേരള വികസന പദ്ധതിയിൽ ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. ഭവന പുനരുദ്ധാരണത്തിന് 15,000 രൂപയും ഭൂമി വാങ്ങുന്നതിന് 10,000 രൂപയുമാണ് ടി പദ്ധതി പ്രകാരം നൽകുന്നത്.

ആലപ്പുഴ ജില്ലയിൽ നബാർഡ് സഹായ പദ്ധതികൾ

21 (1389) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ അനുവദിച്ച നബാർഡ് സഹായപദ്ധതികളുടെ വിശദാംശം നൽകുമോ ;

(ഡി) നബാർഡ് സഹായ പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽനിന്നും പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾ നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

(ബി) കാർഷിക മേഖല, അംഗൻവാടി, കടിവെള്ള പദ്ധതി, ജലസേചനം, റൂറൽ ബ്രിഡ്ജ്, ഗ്രാമീണ വിദ്യാഭ്യാസ മേഖല, ഗ്രാമീണ ആരോഗ്യമേഖല, റൂറൽ റോഡ്, വെയർഹൗസ്, ഡ്രെയിനേജ് ആന്റ് ഫ്ളെഡ് പ്രൊട്ടക്ഷൻ, മാർക്കറ്റ് യാർഡ് എന്നിവയാണ് മേഖലകൾ.

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) നബാർഡ് സഹായ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി ആലപ്പുഴ ജില്ലയിൽ നിന്നും പുതിയ പദ്ധതികൾ ഒന്നും പരിഗണനയിൽ ഇല്ല.

വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ

22 (1390) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ച വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly